**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3611** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഹരിത ക്യാമ്പസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഹരിത ക്യാമ്പസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ വിവിധ കോളേജുകളിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | കോളേജുകളിലെ അക്കാദമിക അന്തരീക്ഷം വർദ്ധിപ്പിക്കുന്നതിനും, വിദ്യാർത്ഥികൾക്കിടയിൽ പാരിസ്ഥിതിക ഉത്തരവാദിത്തം വളർത്തുന്നതിനുമായി ഹരിത ക്യാമ്പസ് പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജ് വിദ്യാഭ്യാസ വകുപ്പും, കേരള സ്റ്റേറ്റ് സ്റ്റാർട്ടപ്പ് മിഷനുമായി കൈക്കോർത്ത് പാലക്കാട് സർക്കാർ വിക്ടോറിയ കോളേജ്, കൊണ്ടോട്ടി സർക്കാർ ആർട്സ് & സയൻസ് കോളേജ്, കോട്ടയം സർക്കാർ കോളേജ് എന്നിവിടങ്ങളിൽ വിപുലമായ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, വിവിധ സർക്കാർ കോളേജുകളിൽ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ സ്ഥാപിക്കുന്നതിനും, സോളാർ പാനൽ, വേസ്റ്റ് ഇൻസിനറേറ്ററുകൾ, മഴവെള്ള സംഭരണികൾ മുതലായവ സ്ഥാപിക്കുന്നതിനുമായി തുക അനുവദിച്ചിട്ടുണ്ട്.<br><br>കുസാറ്റിൽ CSR ഫണ്ടിങ്ങുള്ള കമ്പനികളുടെ പങ്കാളിത്തത്തോടെ ബട്ടർഫ്ലൈ പാർക്ക്, ബാമ്പൂ പ്ലാന്റേഷൻ, സ്മൃതി വനം, മിയാവാക്കി ഫോറസ്റ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്.<br><br>ഹരിത ക്യാമ്പസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങളും നടത്തി വരുന്നു.<br><br>പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്യാമ്പസുകളിൽ നിന്നും, പരിസര പ്രദേശങ്ങളിൽ നിന്നും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കാമ്പസുകളിൽ മഴവെള്ള സംഭരണികൾ നിർമ്മിച്ചിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം ക്യാമ്പസുകളിൽ നിരോധിച്ചിട്ടുണ്ട്. ക്യാമ്പസുകളിൽ e-Waste നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ക്യാമ്പസുകളിലും, |

| | | | |
|---|---|---|---|
| | | | പരിസരപ്രദേശങ്ങളിലും ധാരാളം വൃക്ഷതൈകൾ നടുകയും പച്ചക്കറി തോട്ട നിർമ്മാണവും അവയുടെ പരിപാലനം നടത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ മുഴുവൻ ക്യാമ്പസുകളിലും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | ഉണ്ട്. പ്രസ്തുത പദ്ധതി മുഴുവൻ ക്യാമ്പസുകളിലും വ്യാപിപ്പിക്കുന്നതിനും, വിപുലപ്പെടുത്തുന്നതിലേയ്ക്കുമായി പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ കൈ കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ